പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **922**

29.09.2016-ൽ മറുപടിക്ക്

## വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്ക് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ, കട്ടപ്പനയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്കിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ആയതിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്കിന്റെ നിർമ്മാണത്തിന് 04.03.2016-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ടി ഭരണാനുമതി പ്രകാരം പാർക്ക് മെയിന്റനൻസ്/ നടത്തിപ്പിന് ബോർഡ്/തദ്ദേശ സ്വയംഭരണ സ്ഥാപനം ഉചിതമായ സാമ്പത്തിക മാർഗ്ഗം ഉറപ്പാക്കിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. അതിൻ പ്രകാരം കട്ടപ്പന മുനിസിപ്പാലിറ്റി അധികാരികളുമായി ചർച്ച നടത്തിയെങ്കിലും അന്തിമ അഭിപ്രായം മുനിസിപ്പൽ അധികാരികളിൽ നിന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ അധികാരികളുമായി ധാരണയിലെത്തുന്നതിനുള്ള തുടർനടപടികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ബി) | മുനിസിപ്പൽ അധികാരികളുമായി മേൽ വിഷയം സംബന്ധിച്ച് അന്തിമ തീരുമാനത്തിൽ എത്തിയതിനുശേഷം കരാറിലേർപ്പെട്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ